II ഇ.ബി. XV- കേരള നിയമസഭ/VIII-11

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2023 മാർച്ച് 03, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

51 (*301) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലവത്താക്കുന്നതിന് മിഷൻ 941, മികവ്, കേരള ട്രൈബൽ പ്ലസ് എന്നീ പദ്ധതികളും നഗരപ്രദേശങ്ങളിലുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം കാർഷിക അനുബന്ധ മേഖലകളിൽ ഉല്പാദന

വർദ്ധനവിനുള്ള പദ്ധതികളും ഉപജീവന/മാലിന്യ സംസ്കരണ ആസ്തികളുടെ നിർമ്മാണവും നടപ്പിലാക്കുന്നുണ്ടെന്നും പദ്ധതിയുടെ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കി. സുഭിക്ഷ കേരളം, ശുചിത്വ കേരളം എന്നീ പദ്ധതികളുമായും കാർഷിക-ക്ഷീരോല്പാദന മേഖലകളുമായും തൊഴിലുറപ്പ് പദ്ധതിയെ ബന്ധിപ്പിക്കുകയും അതിലൂടെ 2000 കാർഷിക കുളങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടെന്നും തൊഴിൽസ്ഥലത്ത് അപകടമരണം സംഭവിച്ചാൽ അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടെന്നും പദ്ധതിയിൽ പുതിയ മാനദണ്ഡങ്ങളും നിബന്ധനകളും ഏർപ്പെടുത്തിയ കേന്ദ്ര നടപടിയിൽ എതിർപ്പറിയിച്ചിട്ടുണ്ടെന്നും വേതനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

52 (*302) പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2 നൂറുദിന കർമ്മപരിപാടികൾ പൂർത്തിയാക്കിയെന്നും മൂന്നാമത്തേത് നടന്നുവരികയാണെന്നും സഭയെ അറിയിച്ചു. മദ്ധ്യവരുമാന വികസിത രാഷ്ട്രങ്ങൾക്ക് തുല്യമായ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി പശ്ചാത്തലസൗകര്യ വികസന മേഖലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ, ഡിജിറ്റൽ സയൻസ് പാർക്ക്, വെസ്റ്റ് കോസ്റ്റ് കനാൽ ഡെവലപ്മെന്റ്, കെ-ഫോൺ, ഇൻഡസ്ട്രിയൽ/ഐ.ടി. കോറിഡോർ, സുഭിക്ഷ കേരളം, കേരള സെമി-ഹൈസ്പീഡ് റെയിൽ തുടങ്ങിയ നിരവധി പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിവരുന്നു. തൊഴിലില്ലായ്മ പരിഹരിക്കാൻ കേരള ട്രൈബൽ പ്ലസ്, കരിയർ ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുകയും സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നും വിദ്യാഭ്യാസ-വ്യവസായ-അടിസ്ഥാനസൗകര്യ മേഖലകളുടെ വികസനത്തിൽ കിഫ്ബി പ്രധാന

പങ്കുവഹിച്ചിട്ടുണ്ടെന്നും വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാകുന്നതോടെ രാജ്യത്തെ ഏറ്റവും വലിയ വ്യവസായ ഇടനാഴിയായി പ്രസ്തുത മേഖല മാറുമെന്നും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നുണ്ടെന്നും ദേശീയപാത വികസനവും സർക്കാർ പ്രഖ്യാപിച്ച വിവിധ പാക്കേജുകളും സമയബന്ധിതമായി പൂർത്തിയാക്കുമെന്നും പാലോളി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട 303-ാം നമ്പർ ചോദ്യം റദ്ദ് ചെയ്തു.)

53(*304) <u>ലഹരി വിപത്ത് തടയുന്നതിന് ജനകീയ പങ്കാളിത്തം</u>

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.ബി. രാജേഷ്) നൽകിയ മറുപടിയിൽ, ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും വകുപ്പുകളെയും സംഘടനകളെയും പങ്കെടുപ്പിച്ച് ' No to Drugs' എന്ന ലഹരിവിരുദ്ധ ക്യാമ്പയിൻ എക്സൈസ് വകുപ്പിന്റെ

ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും പ്രചരണപരിപാടികളും സംഘടിപ്പിക്കുന്നതോടൊപ്പം ലഹരിവിരുദ്ധ സമിതികളും രൂപീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശാക്തികരിക്കുന്നതിനായി ആലപ്പുഴ, കൊല്ലം ജില്ലകളിൽ ഡിജിറ്റൽ വയർലെസ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ടെന്നും പുതിയ വാഹനങ്ങളും ആധുനിക ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ടെന്നും പ്രതികളെ ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിനായി ആധുനിക ചോദ്യം ചെയ്യൽ മുറികൾ സജ്ജീകരിച്ചിട്ടുണ്ടെന്നും 8 പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി.-യും കേന്ദ്രീകൃത മോണിറ്ററിംഗ് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും 450 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കി. മയക്കുമരുന്ന് വിപണനത്തിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ ഡാറ്റാബാങ്ക് തയ്യാറാക്കി പ്രവർത്തനം നിരീക്ഷിച്ചുവരികയും കുറ്റക്കാരെന്ന് കണ്ടെത്തിയാൽ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ PIT NDPS Act 1988 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും 10 വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന സ്ഥിരം കുറ്റവാളികളുടെ സ്വത്ത് കണ്ടുകെട്ടുന്നതിനും ശിക്ഷ കഴിഞ്ഞ്

പുറത്തിറങ്ങുന്നവർ കുറ്റകൃത്യങ്ങൾ ആവർത്തിക്കില്ലെന്ന ബോണ്ട് വയ്ക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ കടുത്ത ശിക്ഷ ഉറപ്പുവരുത്താൻ കേന്ദ്ര നിയമത്തിൽ ഭേദഗതി ആവശ്യമാണെന്നും എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ ലഹരി വസ്തുക്കൾ വിറ്റഴിക്കുന്നത് തടയാൻ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

54 (*305) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ അധീനതയിൽ വരുന്ന ദേശീയ ജലപാത-3 ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗത്ത് ആവശ്യമായ ടെർമിനലുകൾ നിർമ്മിച്ച് വികസിപ്പിച്ചിട്ടുണ്ടെന്നും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാതയുടെ വികസനത്തിനായി IWAI തയ്യാറാക്കിയ രൂപരേഖയിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ദേശീയ ജലപാതയെ ബന്ധിപ്പിക്കാൻ നിലവിൽ കനാൽ ഇല്ലാത്ത

നീലേശ്വരം-ബേക്കൽ, മാഹി - വളപട്ടണം ഭാഗങ്ങളിൽ പുതിയ കനാൽ നിർമ്മിക്കുന്നതിനും കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാതയുടെ വികസനത്തിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പദ്ധതിക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുമെന്നും കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത വികസനം 2025-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കി. മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ ഉൾപ്പെടെയുള്ള ബോട്ട് ജെട്ടികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും മാഹി-വളപട്ടണം കനാലിന്റെ രണ്ടും മൂന്നും കട്ടിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പശ്ചിമതീര കനാൽ വികസനത്തിന്റെ ഭാഗമായി നീലേശ്വരം - ബേക്കൽ ഭാഗത്ത് ഭൂമി ഏറ്റെടുക്കുന്നതിന് 186 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും കൊല്ലം – കോട്ടപ്പുറം ജലപാതയിൽ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവൃത്തി IWAI-യുടെ ഫണ്ടുപയോഗിച്ച് നടന്നുവരുന്നതായും കോവളം-ബേക്കൽ ജലപാതയിൽ നിശ്ചിത കിലോമീറ്ററുകൾക്കിടയിൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ സ്ഥാപിക്കുമെന്നും ജലപാത നവീകരണത്തിന്റെ ഭാഗമായി കോവളം മുതൽ

വർക്കല വരെയുള്ള കനാലിന്റെ ഇരുഭാഗങ്ങളിലും താമസിക്കുന്നവരുടെ പുനരധിവാസത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

### 55(*306) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട സംഭാവനതുക സംബന്ധിച്ച ഉത്തരവ്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വിനോദ പരിപാടികൾ, പ്രദർശനം, സൗജന്യ ചികിത്സാ ക്യാമ്പുകൾ തുടങ്ങിയവയ്ക്ക് പഞ്ചായത്തുകളിൽനിന്നും സംഭാവന നൽകാൻ ചട്ടം അനുവദിക്കുന്നുണ്ടെന്നും കേരള മുനിസിപ്പാലിറ്റി നിയമങ്ങളിൽ ഇത്തരമൊരു വ്യവസ്ഥയില്ലെന്നും സഭയെ അറിയിച്ചു. തദ്ദേശദിനാഘോഷത്തിനായി സംഭാവന നൽകുന്നതിനും ശുചിത്വമിഷൻ ഇന്റർനാഷണൽ കോൺക്ലേവിനായി സംസ്ഥാന ശുചിത്വമിഷന് തുക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവിറക്കിയിട്ടുണ്ട്. പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് സമഗ്ര പരിശോധന ആവശ്യമാണെന്നും എ.ഇ.-മാർ അനുമതിയില്ലാതെ ലീവിൽ പോകുന്നത് തടയാൻ കർശന നിയന്ത്രണം ഏർപ്പെടുത്തുമെന്നും

മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത് ആസ്തി രജിസ്റ്ററിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നത് ധനകാര്യ കമ്മീഷന്റെ ശിപാർശയാണെന്നും പഞ്ചായത്തുകൾക്ക് രണ്ടാംഘട്ട ഗഡുവായി അനുവദിക്കേണ്ട തുക ഉടൻതന്നെ നൽകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

56(*307) <u>വിമുക്തി പദ്ധതി വിപുലമാക്കുന്നതിന് നടപടി</u>

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ലഹരി ഉപയോഗം തടയുന്നതിന് വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നതായും സഭയെ അറിയിച്ചു. സ്കൂൾ വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിന് 'ഉണർവ്', കൗൺസലിംഗ് നൽകുന്നതിന് 'നേർവഴി' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 'നേർക്കൂട്ടം', 'ശ്രദ്ധ' എന്നീ കമ്മിറ്റികളുടെ സഹകരണത്തോടെ കോളേജ് ക്യാമ്പസുകളിലും ഹോസ്റ്റലുകളിലും എക്സൈസ് വകുപ്പ് പരിശോധന നടത്തുന്നുണ്ട്. സ്കൂൾ/കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന ലഹരിവിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കായിക

ഇനങ്ങളിൽ പരിശീലനം നടത്തുന്നതിനായി 'ടീം വിമുക്തി' രൂപീകരിച്ചിട്ടുണ്ടെന്നും 'ലഹരിക്കെതിരെ കായികലഹരി' എന്ന മുദ്രാവാക്യത്തോടെ വിവിധ കായിക മത്സരങ്ങളും കുടുംബശ്രീ, സന്നദ്ധ-യുവജന-സർവ്വീസ് സംഘടനകൾ എന്നിവ മുഖാന്തരം ബോധവൽക്കരണ ക്ലാസുകളും വൈവിദ്ധ്യമാർന്ന പരിപാടികളും സംഘടിപ്പിക്കുന്നുണ്ടെന്നും വ്യക്തമാക്കി. പ്രൈമറിതലം മുതൽ വിദ്യാർത്ഥികളിലെ സ്വഭാവരൂപീകരണവും കലാ-കായിക അഭിരുചി വളർത്തലും ലക്ഷ്യമിട്ട് 'ബാല്യം അമൂല്യം' പദ്ധതി നടപ്പിലാക്കുന്നതാണെന്നും രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതാണെന്നും അറിയിച്ചു. ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് വിമുക്തി മിഷൻ എല്ലാ ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 'നോ ടു ഡ്രഗ്സ് ' എന്ന പ്രചരണ പരിപാടികൾ നടത്തുന്നുണ്ടെന്നും ലഹരിവസ്തുക്കളുടെ ദുരുപയോഗം സംബന്ധിച്ച പരാതികൾ അറിയിക്കാനും സൗജന്യ കൗൺസലിംഗ് ലഭിക്കുന്നതിനുള്ള ഫോൺ നമ്പരുകൾ പ്രചരിപ്പിക്കുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.